**സർക്കുലർ: 6/18**

# ദൈവവിളിദിനം

## "അങ്ങ് എവിടെയാണ് വസിക്കുന്നത്?"

**മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

നമ്മുടെ അതിരൂപതയിൽ ജനിച്ചുവളർന്ന സി. റാണി മരിയ എഫ്.സി.സി. വാഴ്ത്തപ്പെട്ട രക്തസാക്ഷിണിയായും, അതിരൂപതാ വൈദികനായിരുന്ന ഫാ. വർഗീസ് പയ്യപ്പിള്ളി ധന്യനായും പ്രഖ്യാപിക്കപ്പെട്ടത് കഴിഞ്ഞ ആറുമാസങ്ങൾക്കുള്ളിലാണ്. കുടുംബസുകൃതവും വ്രതശുദ്ധിയും ഒന്നുചേരുന്ന ജീവിതങ്ങളിൽ ദൈവവിളി നൂറുമേനി വിളവുനൽകുമെന്ന് നമ്മുടെ സ്വന്തം സഹോദരങ്ങളായ വാഴ്ത്തപ്പെട്ട റാണി മരിയയും ധന്യൻ പയ്യപ്പിള്ളിയച്ചനും നമ്മെ ഓർമിപ്പിക്കുന്നു. വിശുദ്ധി വഴിയുന്ന കുടുംബ -വൈദിക-സന്ന്യാസ പാരമ്പര്യമാണ് നമ്മുടെ അതിരൂപതയ്ക്കുള്ളത്.

കുടുംബബന്ധങ്ങളിലെ അസ്വാരസ്യങ്ങളും സമർപ്പിതജീവിതത്തിലെ അപജയങ്ങളും നമ്മെ അസ്വസ്ഥതപ്പെടുത്തുന്നുണ്ടെങ്കിലും, അവയൊന്നും വിവാഹത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള ദൈവവിളികളുടെ സത്യത്തേയും സാംഗത്യത്തേയും ഒരുതരത്തിലും സാരമായി ബാധിക്കുന്നില്ലയെന്ന വസ്തുത ശ്രദ്ധിക്കേണ്ടതാണ്. ലോകത്തിന്റെ കളങ്കമേശാത്തവരും കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രം കഴുകി വെളുപ്പിച്ചവരുമായ വിവാഹിതരും സമർപ്പിതരുമടങ്ങുന്ന സഭയിലെ നിശബ്ദ ഭൂരിപക്ഷത്തെ നാം കാണാതെ പോകരുത്. ലഭിച്ച ദൈവവിളി നിധിപോലെ സൂക്ഷിച്ച സമർപ്പിതർ തീക്ഷണതയോടെ നടന്ന് തെളിച്ചെടുത്ത വിശുദ്ധജീവിതവഴിയിലേക്കാണ് കർത്താവിന്ന് യുവജനങ്ങളെ വിളിക്കുന്നത്. സ്വയമൊരു വാർത്തയാകാതെ ക്രിസ്തുവിന്റെ സദ്വാർത്ത ജീവിതംകൊണ്ട് പ്രഘോഷിക്കാനാണ് ആ വിളി.

ദൈവവിളി വീരോചിതമായ ജീവിത്തിലേക്കുള്ള ക്ഷണമാണ്. അതുകൊണ്ടാണ് കൂടുതൽപേരും സാഹസികത നിറഞ്ഞ യൗവനത്തിൽ തങ്ങൾക്കുള്ള ദൈവവിളിയുടെ ഉൾസ്വരം തിരിച്ചറിയുന്നത്. സ്വന്തം വിളി കണ്ടെത്താൻ ആഗ്രഹിക്കുന്നവർ മിനിമം മതി എന്ന ചിന്ത വെടിഞ്ഞ് പൂർണ്ണതയോട് പ്രണയത്തിലാകണം. എത്തിയിടത്ത് നിർത്താതെ പുത്തനിടങ്ങളിലേക്ക് കണ്ണും കാലും പായിക്കാൻ മനസ്സൊരുക്കണം.

ദൈവവിളി ഒരു വെല്ലുവിളിയാണ്. ജീവിച്ച് പരിചയിച്ചുവന്ന സ്വന്തദേശത്തുനിന്ന് തീർത്തും പുതിയൊരു ദേശത്തേക്ക് പോകാനായിരുന്നു അബ്രഹാമിനു ലഭിച്ച വിളി. രക്ഷപെട്ട് ഓടിപോന്നിടത്തേക്ക് രക്ഷകനായി തിരിച്ചുചെല്ലാനായിരുന്നു മോശക്ക് ലഭിച്ച വിളി. വാളും കുന്തവും ചാട്ടുളിയുമായിവരുന്ന അതികായനെ വെറും കവണയും കല്ലുമായി നേരിടാനായിരുന്നു ദാവീദിനു ലഭിച്ചവിളി. ജനമൊന്നാകെ പേടിച്ച് പിൻവാങ്ങിയൊളിച്ച ഒരു രാത്രിയിൽ ഒറ്റയ്ക്ക് ശത്രുപാളയത്തിലേക്ക് മുന്നേറാനായിരുന്നു യൂദിത്തിനു ലഭിച്ച വിളി. ദൈവവിചാരം അശേഷമില്ലാത്ത സമൂഹത്തിൽ ദൈവസ്മരണ മനസ്സിലും പ്രവർത്തികളിലും ജ്വലിപ്പിച്ച് നിർത്താനായിരുന്നു തോബിത്തിന് ലഭിച്ച വിളി. എടുത്തുചാട്ടവും അവിശ്വാസവുംകൊണ്ട് ആവർത്തിച്ച് അയോഗ്യത തെളിയിച്ചപ്പോഴും പാറപോലെ ഉറച്ചുനിന്ന് സഹോദരങ്ങളെ ശക്തിപ്പെടുത്താനായിരുന്നു പത്രോസിനു ലഭിച്ച വിളി. യഹൂദമതതത്ത്വങ്ങളിലാണ് പാണ്ഡിത്യമെങ്കിലും വിജാതീയരോട് സുവിശേഷം അറിയിക്കാനായിരുന്നു പൗലോസിന് ലഭിച്ച വിളി. ഇതുപോലെ വെല്ലുവിളികൾ നിറഞ്ഞ തെരഞ്ഞെടുപ്പുകൾ ധീരതയോടെ സ്വീകരിക്കാൻ മനുഷ്യരെ ബലപ്പെടുത്തി ഒരുക്കുന്നത് പരിശുദ്ധാത്മാവാണ്.

ദൈവവിളിയെന്നത് കൃപാവരത്തിന്റെ ദാനമാണ്. മറ്റേത് കൃപാവരത്തിന്റെ കാര്യത്തിലുമെന്നതുപോലെ ദൈവവിളിയെന്ന കൃപ സ്വീകരിക്കുന്നതിനും വിശ്വാസമാണ് ആദ്യമായി വേണ്ടത്. എന്താണ് വിശ്വാസം? ഈശോ കണ്ടതുപോലെ കാര്യങ്ങളെ കാണുകയെന്നതാണത്. കറുത്ത് കൂർത്ത ഒരു കല്ലിൽ സുന്ദരമായ ഒരു ശിൽപം കാണുന്ന കലാകാരനെപ്പോലെ പാവങ്ങളിലും പാപികളിലും ദൈവമുഖത്തിന്റെ സൂര്യതേജസ്സ് കാണാൻ വിളി ലഭിച്ചവർക്ക് സാധിക്കുന്നത് വിശ്വാസത്തിന്റെ കണ്ണുകളിലൂടെ വ്യക്തികളേയും സാഹചര്യങ്ങളേയും നോക്കാൻ അവർ ശീലിക്കുന്നതുകൊണ്ടാണ്. കുടുംബങ്ങളിലും കുടുംബയൂണിറ്റ് ചർച്ചാവേദികളിലും, തൊഴിലിടങ്ങളിലും സൗഹൃദവലയങ്ങളിലും, ക്ലാസ്സ്മുറികളിലും സാമൂഹ്യമാധ്യമങ്ങളിലും വിശ്വാസത്തിന്റെ വെളിച്ചം കടന്നുവരാൻ അനുവദിക്കണം. കുറ്റങ്ങൾ ചികഞ്ഞ് പുറത്തെടുക്കുന്നശീലം മനസ്സിനെ ദുഷിപ്പിക്കും, ആത്മാവിനെ നിർവീര്യമാക്കും. നൻമനിറഞ്ഞ നാളെയിലേക്ക് പ്രതീക്ഷാനിർഭരമായ നീൾകാഴ്ചയാണാവശ്യം.

ദൈവവിളി തിരിച്ചറിയുന്നതിലും പരിപോഷിപ്പിക്കുന്നതിലും മാതാപിതാക്കൻമാർക്ക് വലിയ പങ്കുണ്ട്. വൈദിക-സന്ന്യാസ ജീവിതത്തോട് മക്കളാരെങ്കിലും ആഭിമുഖ്യം കാണിച്ചാൽ അവരുടെ ആഗ്രഹത്തെ വളർത്തുകയാണ് വേണ്ടത്, ഒരുവിധത്തിലും തളർത്താൻ പാടില്ല. ദൈവവിളിയുടെ ആദ്യഅടയാളം ആഗ്രഹമാണ്. ആഗ്രഹത്താൽ ഒരാൾ പ്രകടിപ്പിക്കുന്ന സന്നദ്ധതയ്ക്കുപിന്നിൽ പരിശുദ്ധാത്മാവിന്റെ പ്രചോദനമുണ്ടെന്ന് നാം മറക്കരുത്. ദൈവവിളി സ്വീകരിക്കുന്ന മക്കളെക്കുറിച്ച് അമ്മമാർക്കുണ്ടാകേണ്ട മനോഭാവം സാമുവേലിന്റെ മാതാവായ ഹന്നായുടേതാണ്. ഹന്ന പറയുന്നു; "ആകയാൽ, ഞാൻ അവനെ കർത്താവിന് സമർപ്പിച്ചിരിക്കുന്നു. ആജീവനാന്തം അവൻ കർത്താവിനുള്ളവനായിരിക്കും" (1 സാമു. 1: 28). പിതാക്കന്മാർ സ്നാപകന്റെ പിതാവായ സഖറിയായെപ്പോലെ തങ്ങളുടെ മക്കളെ പ്രോത്സാഹിപ്പിക്കണം: "നീയോ കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകനെന്ന് അറിയപ്പെടും!" (ലൂക്കാ 1: 76). വിളിക്കുന്നത് ദൈവമാണ് എന്നാൽ, അനേകരുടെ സഹകരണത്തോടെയാണ് ഓരോ വ്യക്തിയെക്കുറിച്ചുമുള്ള തന്റെ പദ്ധതി ദൈവം പൂർത്തിയാക്കുന്നത്.

ചുരുക്കത്തിൽ, ബാല്യവും കൗമാരവും പിന്നിട്ട് പ്രായത്തിൽ പക്വത പ്രാപിക്കുമ്പോൾ ഓരോരുത്തരും ഏതു ജീവിതാന്തസ്സിലായിരിക്കണം എന്നതിനെക്കുറിച്ചുള്ള ദൈവത്തിന്റെ തീരുമാനത്തെയാണ് ദൈവ വിളിയെന്ന് പറയുന്നത്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ഈലോകജീവിതത്തിൽ ഞാൻ ദൈവത്തെ കണ്ടുമുട്ടേണ്ട ഇടമാണ് എന്റെ ദൈവവിളി. ദൈവം എന്നെ കാത്തിരിക്കുന്ന ആ വിശുദ്ധയിടം തിരിച്ചറിയാൻ ആഗ്രഹിക്കുമ്പോൾ ആദ്യശിഷ്യരെപ്പോലെ ഈശോയുടെ പിന്നാലെ ചെന്ന് ചോദിക്കണം "ഗുരോ, അങ്ങെവിടെയാണ് വസിക്കുന്നത്?" (യോഹ. 1:38). ജീവിതത്തിന്റെ ദിശാസന്ധിയിൽ ഇങ്ങനെ ചോദിക്കുന്ന വരോട് അത്യുദാരപൂർവ്വം അവിടുന്ന് പറയും: "വന്നു കാണുക" (യോഹ. 1:39). ദൈവവിളിദിനവും തുടർപരിപാടികളും വിവിധ ജീവിതാന്തസ്സുകൾ, പ്രത്യേകിച്ച്, വൈദിക-സന്ന്യാസ ജീവിതാന്തസ്സുകൾ, അടുത്തറിയാനുള്ള അവസരങ്ങളാണ്.

ഓരോരുത്തർക്കും ദൈവം നൽകുന്ന പ്രത്യേകവിളി തെറ്റാതെ തിരിച്ചറിയാനും ധീരതയോടെ സ്വീകരിക്കാനും വിശുദ്ധിയോടെ ജീവിക്കാനും സാധിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

**മാർ ജേക്കബ് മനത്തോടത്ത്**
അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത

..............................................

NB: ഈ സർക്കുലർ **2018 ഓഗസ്റ്റ് 5-ാം തീയതി** ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.